# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 77** | **08.03.2012-ൽ മറുപടിക്ക്**

## അവയവദാനത്തിനുള്ള മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീമതി ഇ.എസ്. ബിജിമോൾ:
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :

(എ) മസ്തിഷ്ക്ക മരണം സംഭവിക്കുന്നവരിൽ നിന്നും അവയവങ്ങൾ നീക്കം ചെയ്യുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. അടൂർപ്രകാശ്
(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

(എ) **ഉണ്ട്.** സംസ്ഥാനത്തെ എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ കേന്ദ്രങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും മസ്തിഷ്ക്ക മരണ സ്ഥിരീകരണത്തിനുള്ള നിബന്ധനകൾ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. G.O.(MS) No. 36/12/H&FWD dated 4.2.2012) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു(അനുബന്ധം-I). ഇതുസംബന്ധിച്ച വിശദമായ നടപടിക്രമങ്ങൾ ഈ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. മസ്തിഷ്ക്ക മരണം സംഭവിക്കുന്നവരിൽനിന്ന് അവയവങ്ങൾ നീക്കം ചെയ്യുന്നതിനും അവ മുൻഗണനാ ക്രമത്തിൽ അവയവ മാറ്റിവയ്ക്കൽ

ആവശ്യമായ രോഗികൾക്ക് ലഭ്യമാക്കുന്നതിനും വേണ്ട നടപടിക്രമങ്ങൾ G.O.(MS) No. 37/12/H&FWD dated 4.2.2012) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മസ്തിഷ്ക മരണം സംഭവിക്കുന്നവരിൽനിന്നും അവയവങ്ങൾ നീക്കം ചെയ്യുന്നതിനായി ബന്ധുക്കളിൽ നിന്ന് ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ റൂൾസ് 1995-ലെ ബന്ധപ്പെട്ട ഫോം 6/9 ഒപ്പിട്ട് ലഭിക്കേണ്ടതാണ്. അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന എല്ലാ ആശുപത്രികൾക്കും ഓരോ അവയവത്തിനും പ്രത്യേകം വെയിറ്റിംഗ് ലിസ്റ്റുകൾ ഉണ്ടായിരിക്കേണ്ടതാണ്. അവയവം സ്വീകരിക്കേണ്ട വ്യക്തികൾ ഏതെങ്കിലും ഒരാശുപത്രിയിൽ മാത്രമേ പേര് രജിസ്റ്റർ ചെയ്യുവാൻ പാടുള്ളൂ. പേര് രജിസ്റ്റർ ചെയ്ത വ്യക്തികളിൽ ഒന്നിൽ കൂടുതൽ അവയവങ്ങൾ മാറ്റിവയ്ക്കേണ്ട രോഗികൾക്ക് മുൻഗണന ലഭിക്കുന്നതാണ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരാകേണ്ട രോഗികളെ അർജന്റ്, സ്റ്റാന്റേർഡ് എന്നീ രണ്ട് കാറ്റഗറിയായി തരംതിരിച്ചിരിക്കുന്നു. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടവരേയും ഇതുപോലെ രണ്ടായി തരംതിരിക്കുന്നതാണ്. അർജന്റ് ലിസ്റ്റിൽപ്പെട്ട രോഗികൾക്ക് മുൻഗണന ലഭിക്കും. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരാകേണ്ടവർക്ക് ക്രമമനുസരിച്ച് മാത്രമേ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്താൻ സാധിക്കുകയുള്ളൂ.

| | |
|---|---|
| (ബി) അവയവം മാറ്റിവയ്ക്കൽ സംബന്ധിച്ച് പഠനം നടത്തിയ വിദഗ്ദ്ധ സമിതി റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ; | (ബി) വിദഗ് ദ്ധ സമിതി റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം-II). |
| (സി) അവയവം മാറ്റിവയ്ക്കൽ സംബന്ധിച്ച പ്രശ്നങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പരാതികൾ പരിശോധിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) മസ്തിഷ്ക മരണം സംഭവിക്കുന്നവരുടെ അവയവദാനവുമായി ബന്ധപ്പെട്ട നടപടികൾ പരിശോധിക്കുന്നതിലേക്കായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി സംസ്ഥാനതലത്തിൽ ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നിയമവകുപ്പ് സെക്രട്ടറി, (അഥവാ സെക്രട്ടറി നിർദ്ദേശിക്കുന്ന വ്യക്തി) ഡി.ജി.പി. നിർദ്ദേശിക്കുന്ന ഡി.ഐ.ജി റാങ്കിലുള്ള പൊലീസ് ഉദ്യോഗസ്ഥൻ, ഡയറക് ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഡയറക് ടർ ഓഫ് ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം വകുപ്പ് മേധാവി, |

